# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## അമരമ്പലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 26/207/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമരമ്പലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 26/207/2022 തീയ്യതി: 11/04/2022

## മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-10-2019 മുതൽ 09-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 21-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ

4. ശ്രീ.റഷീദ.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മുനീഷ.എൻ.ടി | പ്രസിഡന്റ് | 01-04-2020 | 18-12-2020 |
| കാര്യനിർവ്വഹണ സമിതി | പ്രസിഡന്റ് | 19-12-2020 | 29-12-2020 |
| ശ്രൂ.ഹുസൈൻ ഇല്ലിക്കൽ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. അബ്ദുൽ റഷീദ്. ഐ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനു.കെ.സി | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഹസീന.എൻ.കെ | അസി. എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.സമീർ.വി.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഷിജോയ്.വി.എസ് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.പ്രമോദ് | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.മോനിഷ്.കെ | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2020 | 31-03-2021 |
| ഡോ.ജിബിൻ ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. പ്രദീപ് നെല്ലിക്കോടൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.കെ.പി. റഹ്മത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 08-11-2020 |
| ശ്രീമതി.വിലാസിനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2020 | 31-03-2021 |
| ശ്രീ.ശരത് ഭാസ്കർ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ലിജോ ജോസഫ് | വി ഇ ഒ | 01-04-2020 | 01-07-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ശുഭ സുനിൽ | വി ഇ ഒ | 02-07-2020 | 23-02-2021 |
| ഡോ.ശിവ പ്രസാദ് | ഫിഷറീസ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിത.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഒഴിവ് | വി.ഇ.ഒ. | 24-02-2021 | 31-03-2021 |

--

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കൽ - ചട്ടം പൂർണ്ണമായും പാലിച്ചില്ല.<br>Written By: Sujatha M (Auditor, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 01-04-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramakrishnan.T (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 21-01-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ramakrishnan.T (Senior Grade Auditor, On 21-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 21-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 01-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 26-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 26-01-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 26-01-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 21-01-2022)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 21-01-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Ramakrishnan.T (Senior Grade Auditor, On 27-01-2022)<br>Last Updated By: Unni.P (Deputy Director, On 01-04-2022) | 1-10 |
| 12 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 01-04-2022) | 1-11 |
| 13 | ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം പരിശോധന<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 26-01-2022) | 1-11-1 |
| 14 | തൊഴിൽ നികുതി അടവാക്കിയില്ല.<br>Written By: Sujatha M (Auditor, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 01-04-2022) | 1-12 |
| 15 | ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 23-01-2022)<br>Last Updated By: Sujatha M (Auditor, On 27-01-2022) | 1-13 |
| 16 | പാലിന് സബ്സിഡി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 22-01-2022)<br>Last Updated By: Unni.P (Deputy Director, On 01-04-2022) | 1-14 |
| 17 | ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ചെയ്തില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 20-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 1-15 |

| | | |
|---|---|---|
| 18 | വാടക പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല.<br>Written By: Sujatha M (Auditor, On 25-01-2022)<br>Last Updated By: Sujatha M (Auditor, On 27-01-2022) | 1-16 |
| 19 | വസ്തു നികുതി നിർണ്ണയം- അപാകത<br>Written By: Sujatha M (Auditor, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 1-17 |
| 20 | മാലിന്യമുക്ത അമരമ്പലം പദ്ധതി - അപാകതകൾ<br>Written By: Sujatha M (Auditor, On 25-01-2022)<br>Last Updated By: Sujatha M (Auditor, On 27-01-2022) | 1-18 |
| 21 | അനധികൃതമായി ഭൂപരിവർത്തനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.<br>Written By: Sujatha M (Auditor, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 1-19 |
| 22 | ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 26-01-2022) | 1-20 |
| 23 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 1-21 |
| 24 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 28-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 1-22 |
| 25 | പൊതുമരാമത്ത് പ്രവൃത്തിയിലെ അധിക ചെലവ് -7035 രൂപ തിരിച്ചടച്ചു.<br>Written By: T.P.Abdul Jaleel (Audit Officer, On 28-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |

| | | |
|---|---|---|
| | Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Unni.P (Deputy Director, On 02-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 21-01-2022)<br>Last Updated By: Sujatha M (Auditor, On 21-01-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 28.02.2020 | 08/1-12.02.2021 |

### 1-1-1 ബജറ്റ് തയ്യാറാക്കൽ - ചട്ടം പൂർണ്ണമായും പാലിച്ചില്ല.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് 05.02.2020 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 28.02.2020 ഭരണസമിതിയും അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 214 പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് തയ്യാറാക്കുന്നതിനും അനുമതി നൽകുന്നതിനും സ്വീകരിക്കേണ്ട നടപടികൾ വ്യക്തമായി നിർദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിന്റെ 2020-21വർഷത്തെ ബജറ്റ് തയ്യാറാക്കിയത് എന്ന് പരിശോധനയിൽ വ്യക്തമായി. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 214 (1)പ്രകാരം – ജനവരി 15 നുമ്പായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയുടെയും ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ പരിഗണിച്ച് ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ സ്റ്റാന്റിംഗ് കമ്മിറ്റികളും ഉദ്യോഗസ്ഥരും നിർദേശങ്ങൾ ഒന്നും തന്നെ സമർപ്പിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള യാതൊരു നിർദേശങ്ങളും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികൾ ഉപയോഗപ്പെടുത്തുന്നതിനും ഉപയുക്തമായ യാതൊരു നിർദേശങ്ങളും ഉൾക്കൊള്ളിക്കാതെയും ഉദ്യോഗസ്ഥരിൽ നിന്നും നിർദേശങ്ങൾ സ്വീകരിക്കാതെയും, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശകൾ സ്വീകരിക്കാതെയും ബജറ്റ് തയ്യാറാക്കിയതിൽ നിന്നും പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്ന പ്രക്രിയയെ ഗൗരവപൂർണ്ണമായല്ല സമീപിച്ചത് എന്ന് വ്യക്തമാണ്.

സെക്ഷൻ 214(3) പ്രകാരം ബജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമായിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ തയ്യാറാക്കിയ ബജറ്റിൽ ഇത്തരത്തിലുള്ള യാതൊരു വിശദീകരണവും ഉൾപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/20-21/20.01.2022) അപാകത ആവർത്തിക്കാതിരിക്കാൻ തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ബജറ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ നിർദേശങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 17.06.2021 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,57,54,112 |
| വരവ് | 12,89,56,475 |
| ആകെ | 16,47,10,587 |
| ചെലവ് | 12,06,50,221 |
| നീക്കിയിരിപ്പ് | 4,40,60,366 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | വരവ് | | | |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,35,52,018 | 2,35,52,018 | 2,11,37,859 | 24,14,159 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,25,24,387 | 1,25,24,387 | 98,92,504 | 26,31,883 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 21,47,706 | 21,47,706 | 19,80,051 | 1,67,655 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 2,41,63,000 | 2,41,63,000 | 2,41,42,119 | 20,881 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 71,13,319 | 71,13,319 | 70,40,967 | 72,352 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(യുണൈറ്റഡ് ബേസിക്) | 0 | 1,55,68,080 | 1,55,68,080 | 1,31,45,290 | 24,22,790 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റൈറ്റഡ്) | 0 | 94,40,000 | 94,40,000 | 21,78,007 | 72,61,993 |
| ബി ഫണ്ട് | 0 | 7,43,89,000 | 7,43,89,000 | 7,43,89,000 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 374 | 17,40,41,741 | 345 | 10,09,67,311 | 0 | 29 | 92.24 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2711 | 13,69,301 | 13,72,012 | 13,13,297 | 58,715 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 1,79,84,359 | 1,79,84,359 | 1,79,84,359 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 84,99,200 | 582 |
| വിധവാപെൻഷൻ | 2,58,15,500 | 1555 |
| വാർദ്ധക്യകാലപെൻഷൻ | 3,03,69,300 | 2138 |
| വികലാംഗപെൻഷൻ | 78,10,300 | 537 |
| വിവാഹധനസഹായം | 2,70,000 | 9 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ | 16,24,700 | 108 |

| | | |
|---|---|---|
| പെൺമക്കൾക്കുള്ള ധനസഹായം | | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 16,914/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവയുടെ സ്റ്റോക് രജിസ്റ്ററിൽ സ്റ്റോറുകളുടെ വിതരണ വിവരം ചേർക്കേണ്ടതാണെങ്കിലും ( കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 152) ആയത് പാലിക്കുന്നില്ല.
3. ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, കൃഷി ഓഫീസർ എന്നിവരുടെ പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.12.2021 | 01.10.2021 മുതൽ 30.11.2021 വരെ | 13.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2019 | 2013-2014 മുതൽ 2017-18 വരെ | 03.08.2019 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)വസ്തു നികുതി - താഴെ പറയും പ്രകാരം തുക വ്യത്യാസം

| **വാർഷികകണക്ക് പ്രകാരം ഡിമാൻറ് തുക** | **സഞ്ജയ സോഫ്റ്റ്വെയർ പ്രകാരം തുക** |
|---|---|
| <u>ഡിമാന്റ്</u><br>റസിഡൻഷ്യൽ - 21,00,942<br>നോൺ റസിഡൻഷ്യൽ - 27,91,145 | <u>ഡിമാന്റ്</u><br>റസിഡൻഷ്യൽ - 22,10,113<br>നോൺ റസിഡൻഷ്യൽ - 29,82,629 |
| <u>കളക്ഷൻ</u><br>റസിഡൻഷ്യൽ - 19,78,849<br>നോൺ റസിഡൻഷ്യൽ - 26,88,213 | <u>കളക്ഷൻ</u><br>റസിഡൻഷ്യൽ - 20,85,911<br>നോൺ റസിഡൻഷ്യൽ - 28,67,476 |
| <u>ബാലൻസ്</u><br>റസിഡൻഷ്യൽ - 124190<br>നോൺ റസിഡൻഷ്യൽ – 75545 | <u>ബാലൻസ്</u><br>റസിഡൻഷ്യൽ - 1,24,202<br>നോൺ റസിഡൻഷ്യൽ - 1,55,153 |

തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3)ബ്ലോക്ക്പഞ്ചായത്ത് വിഹിതം ലഭ്യമായത് , വാർഷികകണക്ക് പ്രകാരം - 7,04,335 രൂപ.എന്നാൽ യഥാർത്ഥത്തിൽ ലഭ്യമായ തുക –9,24,335രൂപ. 2,20,000രൂപ വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

**<u>(ഓഡിറ്റ് എൻക്വയറി നം.6/2020-21/20.01.22)</u>**

## 1-11-1 ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം പരിശോധന

ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം പരിശോധിച്ചതിൽ എ സി ആറും ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രവും തമ്മിൽ താഴെ പറയും പ്രകാരം തുക വ്യത്യാസം ശ്രദ്ധയിൽപ്പെട്ടു.

| ഇനം | ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം പ്രകാരം തുക | എ സി ആർ പ്രകാരം തുക | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 2,48,08,216 | 2,11,37,859 | 36,70,357 |
| എസ് സി പി | 1,00,38,936 | 98,92,504 | 1,46,432 |
| ടി എസ് പി | 20,53,345 | 19,80,051 | 73,294 |
| സി എഫ് സി (യുണൈറ്റഡ് ബേസിക് ഗ്രാന്റ് ) | 1,17,31,156 | 1,31,45,290 | 14,14,134 |

## 1-12 തൊഴിൽ നികുതി അടവാക്കിയില്ല.

2020-21 ലെ രണ്ട് അർദ്ധ വർഷങ്ങളിൽ അമരമ്പലം സപ്ലൈകോ സൂപ്പർ മാർക്കറ്റിലെ ജൂനിയർ അസിസ്റ്റന്റ് മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. മേൽ സ്ഥാപനത്തിലെ മറ്റ് ജീവനക്കാരുടെ വിവരം (അർദ്ധവാർഷിക വരുമാനം) ലഭ്യമാക്കാനും നികുതി ഈടാക്കി അറിയിക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/20-21/19.01.2022) നൽകിയതിനെ തുടർന്ന് സ്ഥാപനത്തിന് കത്ത് നൽകുകയും ആയതിന് തൊഴിൽ നികുതി പരിധിയിൽ വരുന്ന ജീവനക്കാർ ആരും തന്നെ 2020-21 സാമ്പത്തിക വർഷത്തിൽ മേൽ സ്ഥാപനത്തിൽ ജോലി ചെയ്തിട്ടില്ല എന്ന വിവരം അറിയിച്ചുകൊണ്ട് സെയിൽസ് മാനേജർ സപ്ലൈകോ, മാവേലി സ്റ്റോർ പൂക്കോട്ടുപാടം കത്ത് നൽകിയതായും ( കത്ത് മറുപടിയോടൊപ്പം ഹാജരാക്കി) ആയതിനാൽ പരാമർശം ഒഴിവാക്കണമെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ മേൽ സ്ഥാപനത്തിൽ ജോലി ചെയ്ത സ്ഥിരം ജീവനക്കാരുടെ (ജൂനിയർ അസിസ്റ്റന്റ് ) തൊഴിൽ നികുതി അടവാക്കിയിട്ടുള്ളതായും ജൂനിയർ അസിസ്റ്റന്റിനെ കൂടാതെ തൊഴിൽ നികുതി ബാധകമല്ലാത്ത ദിവസ വേതനക്കാരും പാക്കിംഗ് തൊഴിലാളികളുമാണ് അമരമ്പലം സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ മേൽ കാലയളവിൽ ജോലി ചെയ്തതെന്നുമാണ് സെയിൽസ് മാനേജർ സപ്ലൈകോ, മാവേലി സ്റ്റോർ പൂക്കോട്ടുപാടം നൽകിയ കത്തിൽ പരാമർശിച്ചിട്ടുള്ളത്. ആയത് അംഗീകരിക്കാവുന്നതല്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസത്തിൽ കുറയാതെ വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ആയതിനാൽ 2020-21 ലെ രണ്ട് അർദ്ധ വർഷങ്ങളിൽ അമരമ്പലം സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ ജോലി ചെയ്ത സെയിൽസ് മാനേജർ സപ്ലൈകോ, മാവേലി സ്റ്റോർ പൂക്കോട്ടുപാടം നൽകിയ കത്തിൽ പരാമർശിച്ച മുഴുവൻ ദിവസ വേതനക്കാരായ ജീവനക്കാരുടേയും (പാക്കിംഗ് തൊഴിലാളികളുടേത് ഉൾപ്പടെ) അർദ്ധ വാർഷിക വരുമാന പത്രിക ആവശ്യപ്പെട്ട് അർഹരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് ഭൂവികസന പെർമിറ്റ് അനുവദിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2019 ലെ കേരള പഞ്ചായത്ത്രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4, 5 എന്നിവ പ്രകാരം ഭൂവികസനത്തിന് പെർമിറ്റ് ആവശ്യമാണ്. ചട്ടം 2(Ac) പ്രകാരം ഉല്ലാസോദ്യാനങ്ങൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം ഭൂവികസനത്തിൽ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ (അമരമ്പലം സൗത്ത് ) നിർമ്മാണം പൂർത്തീകരിച്ച ഫുട്ബോൾ ടർഫ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-13 ൽ ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിൽ പെർമിറ്റ് നേടാതെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച ഫുട്ബോൾ ടർഫ് നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും (ഭരണ സമിതിയുടെ 10.03.2020 ലെ 4 (3) ) തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. 17-ാം വാർഡിൽ (അമരമ്പലം സൗത്ത് ) നിർമ്മാണം പൂർത്തീകരിച്ച ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് പെർമിറ്റ്

അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനും 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-13 ൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കാനും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി 4/20-21/19.01.2022) നൽകി. 17-ാം വാർഡിൽ (അമരമ്പലം സൗത്ത് ) ശ്രീ.മജീബ് റഹ്മാൻ.ടി.ടി, തോട്ടിങ്ങതൊടിക ഹൗസ്, പരപ്പാടി, വാണിയമ്പലം .പി.ഒ എന്നവരുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമ്മാണം പൂർത്തീകരിച്ച ഫുട്ബോൾ ടർഫ് നിർമ്മാണം ക്രമവത്കരിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാൻ നോട്ടീസ് നൽകിയതായും നോട്ടീസ് സ്ഥലമുടമ കൈപ്പറ്റിയതായും അറിയിച്ചു. 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-13 ൽ പരാമർശിച്ച ഫുട്ബോൾ ടർഫ് കളിസ്ഥലം ഉടമക്ക് 10.08.2020 ന് നോട്ടീസ് നൽകിയിട്ടുള്ളതായും അറിയിച്ചു. കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 പാലിന് സബ്സിഡി – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| പ്രൊജക്റ്റ് നമ്പർ | 260/21 (സ്പിൽ ഓവർ പ്രൊജക്റ്റ്) | 28/21 |
| വിനിയോഗിച്ച തുക | 7,71,376/- രൂപ. | 9,00,000/- രൂപ |
| ബിൽ നമ്പർ / തിയ്യതി | 03/2020-21 Dt.21.04.2020 – 3,69,757/- രൂപ. | 06/2020-21 Dt.22.03.2021 – 1,77,075/- രൂപ. |
| | 04/2020-21 Dt.21.04.2020 – 1,93,395/- രൂപ. | 07/2020-21 Dt.22.03.2021 – 21,742/- രൂപ. |
| | 02/2020-21 Dt.21.04.2020 – 68,289/- രൂപ. | 08/2020-21 Dt.22.03.2021 – 2,67,543/- രൂപ. |
| | 01/2020-21 Dt.21.04.2020 – 81,843/- രൂപ. | 09/2020-21 Dt.22.03.2021 – 77,292/- രൂപ. |
| | 05/2020-21 Dt.21.04.2020 – 58,092/- രൂപ. | 10/2020-21 Dt.22.03.2021 – 2,00,850/- രൂപ. |
| | | 11/2020-21 Dt.22.03.2021 – 66,167/- രൂപ. |
| | | 12/2020-21 Dt.22.03.2021 – 89,331/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |

2020-21 സാമ്പത്തിക വർഷത്തിൽ 260/21, 28/21 എന്നീ പ്രൊജക്ടുകൾ പ്രകാരം16,71,376/- രൂപ പാലിന് സബ്സിഡിയായി നൽകിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). പ്രൊജക്റ്റ് നമ്പർ.260/21 (സ്പിൽ ഓവർ പ്രൊജക്റ്റ്)

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയതി | അപാകത. |
|---|---|---|
| 1 | 01/2020-21 Dt.21.04.2020 – 81,843/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | 02/2020-21 Dt.21.04.2020 – 68,289/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 3 | 03/2020-21 | വേങ്ങാപരത ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ |

| | | |
|---|---|---|
| | Dt.21.04.2020 – 3,69,757/- രൂപ. | നിന്നുള്ള 2019 ജൂലൈ മുതൽ 2020 ഫെബ്രുവരി വരെയുള്ള പാലളവ് സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഉള്ളാട്, അമരമ്പലം, ചുറ്റമ്പാറ, ഒളാർവട്ടം, പൂക്കോട്ടുംപാടം, മൈലമ്പാറ, കരുളായി, ഏമങ്ങാട്, മുതീരി എന്നീ സംഘങ്ങളിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 4 | 04/2020-21 Dt.21.04.2020 – 1,93,395/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 5 | 05/2020-21 Dt.21.04.2020 – 58,092/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

പാലളവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ സബ്സിഡി തുക അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ക്ഷീരസംഘങ്ങളിൽ നിന്നുള്ള പാലളവ് വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 7,71,376/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2). <u>പ്രൊജക്ട് നമ്പർ.28/21</u>

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയതി | അപാകത. |
|---|---|---|
| 1 | 07/2020-21 Dt.22.03.2021 – 21,742/- രൂപ. | ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |
| 2 | 12/2020-21 Dt.22.03.2021 – 89,331/- രൂപ. | ഈ ബിൽ പ്രകാരം 36 ഗുണഭോക്താക്കൾക്കായി 89,331/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. പൂക്കോട്ടുംപാടം ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ 2020 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ പാലളന്നിട്ടുള്ള 30 ക്ഷീര കർഷകരുടെ പാലളവ് വിവരങ്ങളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഈ സ്റ്റേറ്റ്മെന്റ് പ്രകാരം 42,093/- രൂപ മാത്രമാണ് സബ്സിഡി അനുവദിക്കേണ്ടത്. ഈ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് അനുവദിച്ച സബ്സിഡി തുകയും പൊരുത്തപ്പെടുന്നില്ല. |

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നത് വരെ 1,11,073/- രൂപയുടെ ചെലവ് തുക തടസ്സം ചെയ്യുന്നു. മേൽ പ്രൊജക്ടുകളിലെ 882,449/-രൂപ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 09(2020-21)/21.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## <u>1-15 ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ചെയ്തില്ല.</u>

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി.എസ്.ടിയിന്മേൽ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറൽ 18/21) | 2637543 | അനന്ദം ന്യൂട്രീമിക്സ്, വേങ്ങാപരത |
| 2 | അനുപൂരക പോഷകാഹാര വിതരണം (SC 19/21) | 236435 | അനന്ദം ന്യൂട്രീമിക്സ്, വേങ്ങാപരത |

വാങ്ങലുകൾ നടത്തുമ്പോൾ നൽകുന്ന ജി.എസ്.ടിയിമ്മേൽ 2% TDSഈടാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 2/15.1.22ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 വാടക പുതുക്കി നിശ്ചയിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല.

അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റ് സെന്റർ കെട്ടിടം (6/187 B) 06.09.2006 മുതൽ കെ.എസ്.ഇ.ബി പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ സെക്ഷൻ ഉപയോഗിച്ചുവരികയാണ് (പഞ്ചായത്ത് ഭരണ സമിതിയുടെ 26.03.2005 ലെ 5-12 തീരുമാനം). കെട്ടിടം 06.09.2006 മുതൽ കെ.എസ്.ഇ.ബി പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ സെക്ഷൻ ഉപയോഗിച്ചെങ്കിലും വാടക നിശ്ചയിക്കുന്നതിനുള്ള നടപടികളിൽ കാലതാമസം വരുത്തിയതിനാൽ 06.10.2012 നാണ് വാടക നിശ്ചയിക്കാനായത്. ഇലക്ട്രിക്കൽ സർക്കിൾ മഞ്ചേരി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ DBC/ECM/Rent- Pookkottumpadam/2012-13/1954 Dated. 06.10.2012 നമ്പർ ഉത്തരവ് പ്രകാരം ഉപയോഗ കാലയളവ് മുതൽ മേൽ കെട്ടിടത്തിന്റെ മാസ വാടക 5290/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് കരാർ തിയ്യതി മുതൽ 3 വർഷത്തേക്കാണ് ഈ വാടക നിരക്ക് ബാധകമായിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നുണ്ട്. അമരമ്പലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി 19.04.2013 നാണ് കരാർ ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനുവേണ്ടി ആരും കരാറിൽ ഒപ്പുവെച്ചിട്ടില്ല. ഇലക്ട്രിക്കൽ സർക്കിൾ മഞ്ചേരി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് 18.04.2016 മുതൽ വാടക പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായി വാടക പുതുക്കി നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. DBC/ECM/Rent- Pookkottumpadam/2012-13/1954 Dated. 06.10.2012 നമ്പർ ഉത്തരവ് പ്രകാരം പൂക്കോട്ടുംപാടം ഇലക്ട്രിക്കൽ സെക്ഷന്റെ വാടക 01.11.2012 മുതൽ 3 വർഷത്തേക്ക് 5290/- രൂപയായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും എന്നാൽ ഇതുവരെയും വാടക നിശ്ചയിച്ച് എഗ്രിമെന്റ് പുതുക്കുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ആയതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ , ഇലക്ട്രിക് ഡിവിഷൻ നിലമ്പൂർ AB6/REnt/2017-18/1462 Dated. 28.02.2018 കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 27.06.2018 ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി തയ്യാറാക്കിയ കരാറിലും വാടക പുതുക്കി നിശ്ചയിക്കാതെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ DBC/ECM/Rent- Pookkottumpadam/2012-13/1954 Dated. 06.10.2012 നമ്പർ ഉത്തരവ് അനുസരിച്ചാണെന്ന് പരാമർശിച്ച് 5290/- രൂപ നിരക്കിൽ മാസവാടകക്ക് മൂന്ന് വർഷത്തേക്കുകൂടി അനുവദിച്ചിട്ടുണ്ട്. 2021-22 ലും 5290/- രൂപ നിരക്കിലാണ് വാടക ഈടാക്കി വരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങൾ ഉപയോഗിക്കുന്നവർക്ക് തുടർ വർഷവും റൂം ആവശ്യമുണ്ടെങ്കിൽ വാടകയിൽ 5% വർദ്ധനവ് വരുത്തിയാണ് തുടർന്ന് അനുവദിക്കുന്നത്. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഉത്തരവിലെ നിർദ്ദേശം പാലിച്ച് വാടകയിൽ യഥാസമയം വർദ്ധനവ് വരുത്താത്തത് വഴി ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ (10/20-21/21.01.2022 ) ഓഡിറ്റ് എൻക്വയറിക്ക് കെ.എസ്.ഇ.ബി യുമായി പുതിയ കരാറിൽ ഏർപ്പെടുന്ന സമയത്ത് വാടകയിൽ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ ഭരണ സമിതി തീരുമാനത്തിന് വിധേയമായി ചെയ്യുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 വസ്തു നികുതി നിർണ്ണയം- അപാകത

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം അമരമ്പലം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. കൂടാതെ കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ വിഭജിച്ച് 100ച.മീ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളായി പരിഗണിച്ച് ചില ഉടമസ്ഥരിൽ നിന്ന് കൂടിയ നിരക്കിലും (50/ ച.മി), ചില ഉടമസ്ഥരിൽ നിന്ന് കുറഞ്ഞ നിരക്കിലും (30/ ച.മി) വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം ഒരേ തരം കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | വിസ്തീർണ്ണം | കെട്ടിട നമ്പർ നൽകിയ വിവരം/ തിയ്യതി | നികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ച നിരക്ക് |
|---|---|---|---|---|
| 1 | ശ്രീ.റഷീദ് എം, മാഞ്ചേരി ഹൗസ്, പാറക്കപ്പാടം A4-6516/2020 | 588.32 ച.മീ (BL No. 123 റീ.സ 210/8-2) | XIV/540-B, C, D, E, F, G, H, J, K, L, M, N 27.01.2021 | 1100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ. |
| 2 | ശ്രീ.റഷീദ് എം, മാഞ്ചേരി ഹൗസ്, പായമ്പാടം A4-6338/2020 | 608.03ച.മീ (BL No. 123 റീ.സ 207/16-2) | XIV/246 A To R ( I,O ഒഴികെ 16 നമ്പറുകൾ) 29.01.2021 | 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ / ച.മീ. |
| 3 | ശ്രീ.അബ്ദുൽ സലാം, പുന്നപ്പാല ഹൗസ് A4-1958/2020 | 172.34ച.മീ (BL No. 123 റീ.സ 259/4) | XIV/364 B To K ( I ഒഴികെ 9 നമ്പറുകൾ) 08.06.2020 | 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ |
| 4 | ശ്രീ. അബ്ദുൽ മജീദ്, മഠത്തിൽ ഹൗസ്, വാരിക്കൽ കരുളായി പി.ഒ A4-7447/2019 | 293.48 ച.മീ (BL No. 123 റീ.സ 198/11) | XIV/277- A To D 23.12.2019 | 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30 രൂപ |
| 5 | ശ്രീ. സലീം കലയത്ത്, പൂക്കോട്ടുംപാടം A4-7338/2019 | 134 ച.മീ | XI/288-A& B 18.12.2019 | 100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50രൂപ / ച.മീ. |

ഒരേ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഒരേ കാലയളവിൽ തന്നെ വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 16/*20-21/*21.01.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 മാലിന്യമുക്ത അമരമ്പലം പദ്ധതി - അപാകതകൾ

മാലിന്യമുക്ത അമരമ്പലം - രണ്ടാം ഘട്ട പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് പരിധിയിലെ വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഒരു ചാക്കിന് വീടുകളിൽ

നിന്ന് 30/- രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 50/- രൂപയും എന്ന ക്രമത്തിൽ യൂസർഫീ ഈടാക്കുന്നതിനും 22.07.2019 ന് ചേർന്ന ഹരിത സേനാംഗങ്ങളുടെ യോഗത്തിൽ നിർദ്ദേശം നൽകി. യൂസർഫീ പിരിക്കുന്നതിനുള്ള രശീതി ബുക്കുകൾ ഹരിത സേനാംഗങ്ങൾക്ക് 24.08.2019 ന് വിതരണം ചെയ്തതായി 24.08.2019 ലെ മിനുട്സിലും 05.01.2021 ലെ മിനുട്സിൽ ഹരിത സേന സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് തുടങ്ങാനും തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ചുവടെ ചേർത്ത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1). യൂസർഫീ പിരിക്കുന്നതിനായി ഹരിത സേനാംഗങ്ങൾക്ക് 24.08.2019 ന് വിതരണം ചെയ്തതായി പറയുന്ന രശീതി ബുക്കുകളുടെ വിശദ വിവരം ( ആകെ പ്രിന്റ് ചെയ്ത ബുക്കുകൾ , വിതരണ വിവരം, ബാലൻസ് ) ലഭ്യമാക്കേണ്ടതാണ്.

2). 28.07.2021 ന് രമ പ്രസ് പൂക്കോട്ടുംപാടത്ത് നിന്ന് 49 രശീതി ബുക്കുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട് (സ്റ്റോക്ക് രജിസ്റ്റർ പേജ് 70 ൽ രേഖപ്പെടുത്തിയിട്ടുണ്ട് ) . എന്നാൽ ആയത് വിതരണം ചെയ്തതായി കാണുന്നില്ല.

3). യൂസർഫീ പിരിക്കുന്നതിനുള്ള രശീതികളിൽ തുക പ്രിന്റ് ചെയ്തിട്ടില്ല. എഴുതി ചേർക്കുകയാണ് ചെയ്യുന്നത് (കൗണ്ടർ ഫോയിൽ ഉള്ള തരത്തിലുള്ളത്) . 08/2019, 09/2019 എന്നീ മാസങ്ങളിൽ ഉപയോഗിച്ച രശീതികളും 7701 – 7740 തിയ്യതി രേഖപ്പെടുത്താത്ത രശീതികളും ഉപയോഗിച്ച് 30 രൂപ നിരക്കിൽ ഈടാക്കിയതായി കാണുന്നു. മറ്റ് രശീതികൾ ഉപയോഗിച്ച് 50, 100, 200, 300 എന്നിങ്ങനെ വ്യത്യസ്ത തുകയാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ കൗണ്ടർ ഫോയിലിൽ രേഖപ്പെടുത്തിയ തുക തന്നെയാണ് വ്യക്തികളിൽ നിന്ന് ഈടാക്കിയിട്ടുള്ളതെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. വീടുകളിൽ നിന്ന് 30/- രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 50/- രൂപയും എന്ന ക്രമത്തിൽ യൂസർഫീ ഈടാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളതെങ്കിലും ആ നിരക്കിലല്ല ഈടാക്കിയതായി കാണുന്നത്. രശീതികളിൽ വ്യത്യസ്ത തുക ഈടാക്കിയിട്ടുള്ളതിനാൽ ഏത് മാനദണ്ഡത്തിലാണ് ഫീസ് ഈടാക്കിയതെന്നും വ്യക്തമല്ല. യൂസർഫീ നിരക്ക് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

4). കൂടാതെ ഒരു രശീതിക്ക് നിശ്ചിത തുക അല്ലാത്തതിനാൽ കളക്ഷൻ തുക , അതിന്റെ അടവ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായി 143/6/08.07.2021 രശീതി പ്രകാരം KPM ഹോളോബ്രിക്സ് എന്ന സ്ഥാപനത്തിൽ നിന്ന് 200 രൂപ ഈടാക്കിയതിൽ 100രൂപയാണ് കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് അടവാക്കിയിട്ടുള്ളത്. യൂസർ ഫീ കളക്ഷൻ അവയുടെ ഒടുക്ക് എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

5). കളക്ഷൻ തുക KGB പൂക്കോട്ടുംപാടത്തിലെ 40132101087228 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് അടവാക്കുന്നത്.

എന്നാൽ തുക യഥാസമയം അടവാക്കുന്നില്ല. മാസങ്ങളോളം തുക കൈവശം വെച്ചതിനു ശേഷമാണ് തുക അടവാക്കുന്നത്. 02.09.2021 ൽ ബാങ്കിൽ അടവാക്കിയ തുകയുടെ കളക്ഷൻ വിവരം ഒരു ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| രശീതി വിവരം | ഉപയോഗിച്ച കാലയളവ് | തുക | ബാങ്കിൽ അടവാക്കിയ തിയ്യതി |
|---|---|---|---|
| 143/1-100 | 06.07.2021 To 20.07.2021 | 6800 | 02.09.2021 |
| 145/1-100 | 19.07.2021 To 12.08.2021 | 5250 | 02.09.2021 |
| 147/1-100 | 19.07.2021 To 13.08.2021 | 5000 | 02.09.2021 |
| 150/1-100 | 19.07.2021 To 07.08.2021 | 5000 | 02.09.2021 |
| 151/1-100 | 20.07.2021 To 30.07.2021 | 5650 | 02.09.2021 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 7/20-21/20.01.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 അനധികൃതമായി ഭൂപരിവർത്തനം നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ - തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

അമരമ്പലം ഗ്രാമ പഞ്ചായത്തിന്റെ 2018 19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 1-14 ൽ ഗ്രാമ പഞ്ചായത്തിലെ 13 ാം വാർഡിൽ കതിർ ബയോ ഡേവേഴ്സിറ്റി ഫാം എന്ന സ്ഥാപനത്തിൽ കെട്ടിട നിർമ്മാണങ്ങൾക്കും ഭൂവികസനത്തിനും ഭക്ഷണശാല പ്രവർത്തിപ്പിക്കുന്നതിനും പ്രവേശന ഫീസ് ഈടാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് അനുമതി നൽകിയിട്ടില്ലെന്നും അപാകതക്ക് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. ഭരണ സമിതി മിനുട്സ് പരിശോധിച്ചതിൽ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച ബയോ ഡൈവേഴ്സിറ്റി ഫാമിൽ കാർഷികാവശ്യങ്ങൾക്ക് വേണ്ടിയുള്ള നാമ മാത്രമായ വികസന പ്രവൃത്തികൾ മാത്രമാണ് നടത്തിയിട്ടുള്ളതെന്നും ഫാമിനോട് ചേർന്നുള്ള

കെട്ടിടത്തിൽ ഭക്ഷണ പാചക ശാലക്ക് നിയമാനുസൃതം ലൈസൻസ് അനുവദിക്കുകയും ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ട ഫീസുകളും നികുതികളും അടവാക്കി വരുന്നതായി കമ്മിറ്റിക്ക് ബോധ്യപ്പെട്ടതായും ആയതിനാൽ ഖണ്ഡിക ഒഴിവാക്കി തരുന്നതിന് ഓഡിറ്റ് അധികൃതരോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചതായും ( 10.03.2020 ലെ 4(40 നമ്പർ തീരുമാനം) രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അപേക്ഷ ( B1-6897 തി. 22.11.2019 ) പരിശോധിച്ചതിൽ തറമ്മൽ കബീർ, തറമ്മൽ ഹൗസ് , പൂക്കോട്ടുംപാടം എന്നവരുടെ ഉടമസ്ഥതയിലുള്ള 13/710 C നമ്പർ കെട്ടിടത്തിൽ ഭക്ഷണം പാകം ചെയ്ത് വിൽപന നടത്തുന്നതിനായി കതിർ ഫാം എന്ന സ്ഥാപനം നടത്തുന്നതിന് 528/19-20 നമ്പർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

13/710 C നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചതിൽ തറമ്മൽ കബീർ, തറമ്മൽ ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള BI/121 ൽ റീ.സ.നം 380/10-10 ൽ 0.2428 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള പമ്പ് ഹൗസിനോട് (13/710 A 4.07 ച.മീ) ചേർന്ന് 17.38 ച.മീ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടത്തിന് 13/710 C നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ സൈറ്റ് പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിൽ സൈറ്റ് പ്ലാനിൽ കാണിച്ചിരിക്കുന്ന കൊമേഴ്സ്യൽ ബിൽഡിംഗ് കൂടാതെ ഈ പ്ലോട്ടിനോട് ചേർന്ന് മത്സ്യ കൃഷി നടത്തുന്നതിന് പോന്ന കുളങ്ങൾ നിലനിൽക്കുന്നുണ്ടെന്നും വിനോദ സഞ്ചാര ഉദ്ദേശലക്ഷ്യം കണക്കിലെടുത്ത് ആളുകൾക്ക് ഇരിക്കാനുള്ള വിശ്രമ പന്തലുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ഒറ്റ നോട്ടത്തിൽ ഇത് ഒരു വിശ്രമ ഉദ്യാന കേന്ദ്രമാണെന്ന വിധത്തിൽ മൊത്തം സൈറ്റ് പരിവർത്തനം നടത്തിയിട്ടുണ്ട് എന്നും എൽ.എസ്.ജി.ഡി ഓവർസിയറും അസി. എഞ്ചിനീയറും 12.10.2017 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഭരണ സമിതി തീരുമാനം ( 10.03.2020 ലെ 4(40 നമ്പർ തീരുമാനം) , ഓവർസിയർ, അസി. എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ട് എന്നിവയിലെ പരാമർശങ്ങളുടെ വസ്തുത പരിശോധിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട്, എൽ.എസ്.ജി.ഡി ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ 19.01.2022 ന് കതിർ ബയോ ഡേവേഴ്സിറ്റി ഫാം സൈറ്റ് പരിശോധിച്ചു.

പരിശോധനാ സമയത്ത് ബോധ്യപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1). ലൈസൻസ് അനുവദിച്ചതായി പറയുന്ന 13/710 C നമ്പർ കെട്ടിടത്തിലല്ല ഭക്ഷണം പാകം ചെയ്ത് വിൽപന നടത്തുന്നത്.

2). നിലവിൽ ഭക്ഷണ പാചക ശാലയായി പ്രവർത്തിക്കുന്ന കെട്ടിടം ഉൾപ്പടെ 4 കെട്ടിടങ്ങൾ (ചുമർ കെട്ടി ഓട് മേഞ്ഞ ) നിർമ്മാണം പൂർത്തീകരിച്ച പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ നെൽ കൃഷി ചെയ്ത വയലിനുനടുവിലും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

3). സൈറ്റിൽ കുട്ടികളുടെ പാർക്ക് പ്രവർത്തിക്കുന്നുണ്ട് ( ഊഞ്ഞാലുകൾ- 5, സീസോ- 1, സ്ലൈഡുകള്- 2 ).

4). സൈറ്റ് പരിവർത്തനം നടത്തി രണ്ടിടത്തായി വെള്ളം കെട്ടി നിർത്തി സന്ദർശകർക്കായി ബോട്ടിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. പെഡൽ ബോട്ടുകളും (വലുതും ചെറുതുമായി) ലഭ്യമാണ്. പരിശോധനാ സമയത്ത് സന്ദർശകർ ബോട്ടിംഗ് നടത്തുന്നതും കണ്ട് ബോധ്യപ്പെട്ടു.

5). 15 മീറ്റർ നീളവും 8 മീറ്റർ വീതിയുമുള്ള സ്ഥിരമായ പന്തൽ ( സ്റ്റേജ്- സൗണ്ട് സിസ്റ്റം, സ്പീച്ച് സ്റ്റാന്റ്, സ്റ്റേജിന്റെ ബാക്ക് & സൈഡ്സ് മറച്ചിട്ടുണ്ട്- ഇരിപ്പിടങ്ങൾ ഉൾപ്പടെ) നിർമ്മിച്ചിട്ടുണ്ട്. പന്തലിൽ തൂണുകളിലായി ലൈറ്റ് , ഫാൻ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പന്തലിന് വെളിയിൽ സ്റ്റേജിന് അഭിമുഖമായി ഗാലറിയും തയ്യാറാക്കിയിട്ടുണ്ട്.

6). സന്ദർശകർക്ക് ഇരിപ്പിടം ഒരുക്കുന്നതിനായി സൈറ്റിൽ പലയിടങ്ങളിലും പരിവർത്തനം നടത്തിയിട്ടുണ്ട്. കൂടാതെ പരിശോധനാ സമയത്തും നിർമ്മാണ പ്രവൃത്തികൾ നടക്കുന്നുണ്ട്.

7). കുതിര, വിവിധ ഇനം കോഴികൾ, താറാവുകൾ, മുയൽ എന്നിവയേയും അവയെ പരിപാലിക്കുന്നതിനുള്ള ഷെഡുകളും സൈറ്റിൽ കണ്ടു.

പരിശോധനയിൽ കാർഷികാവശ്യങ്ങൾക്കുവേണ്ടിയുള്ള നാമ മാത്രമായ വികസന പ്രവൃത്തികൾ മാത്രമല്ല സൈറ്റിൽ നടത്തിയിട്ടുള്ളതെന്നും വിനോദ സഞ്ചാരം എന്ന ലക്ഷ്യം മുന്നിൽ കണ്ട് സൈറ്റ് പരിവർത്തനം നടത്തിയിട്ടുണ്ടെന്നും ബോധ്യപ്പെട്ടു.

തറമ്മൽ കബീർ , തറമ്മൽ ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള 13/710 C നമ്പർ കെട്ടിടത്തിൽ ഭക്ഷണം പാകം ചെയ്ത് വിൽപ്പന നടത്തുന്നതിനായി കതിർ ഫാം എന്ന പേരിൽ സ്ഥാപനം നടത്തുന്നതിനായാണ് 2019- 20 വർഷത്തിൽ 528/19-20 നമ്പർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസിനായി സമർപ്പിച്ച അപേക്ഷ (B1-6897/19/22-11-2019) പരിശോധിച്ച് റിപ്പോർട്ട് ചെയ്ത സെക്ഷൻ ക്ലർക്ക് (രേഖ.പി.പി ) 13/710 C നമ്പർ കെട്ടിടത്തിൽ ഭക്ഷണം പാകം ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് അന്വേഷണ റിപ്പോർട്ടിൽ 10.01.2020 ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 13/710 C നമ്പർ കെട്ടിടത്തിലല്ല സ്ഥാപനം പ്രവർത്തിക്കുന്നത്. ഇതിൽ

നിന്ന് യഥാർത്ഥത്തിൽ ലൈസൻസ് അപേക്ഷ/സൈറ്റ് ഫീൽഡ് പരിശോധിച്ചല്ല റിപ്പോർട്ട് തയ്യാറാക്കുന്നതെന്ന് വ്യക്തമാകുന്നു.

13/710 C ആയി നമ്പർ നൽകിയ കെട്ടിടത്തിന്റെ സൈറ്റ് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയ എൽ.എസ്.ജി.ഡി ഓവർസിയറാണ് 19.01.2022 ന് കതിർ ബയോ ഡേവേഴ്സിറ്റി ഫാം സൈറ്റ് പരിശോധിച്ച സമയത്തും ഉണ്ടായിരുന്നതെന്നതിനാൽ 13/710 C നമ്പർ കെട്ടിടത്തിലോ പുരയിടമായ പ്ലോട്ടിലോ അല്ല സ്ഥാപനം പ്രവർത്തിക്കുന്നതെന്നുറപ്പുവരുത്താൻ സാധിച്ചു. സ്ഥാപന ഉടമയുടെ ഉടമസ്ഥതയിലുള്ള 13/710 C നമ്പർ കെട്ടിടത്തിന്റെ രേഖകൾ കാണിച്ച് ലൈസൻസ് എടുത്ത് തന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ (Wet Land ആയ സൈറ്റ് ) പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നത് ചട്ട ലംഘനമാണ്. 2020-21, 2021-22 വർഷങ്ങളിൽ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല.

എൽ.എസ്.ജി.ഡി ഓവർസിയർ, അസി. എഞ്ചിനീയർ എന്നിവരുടെ 12.10.2017 ലെ റിപ്പോർട്ടിൻമേൽ സ്വീകിച്ച തുടർ നടപടികളുടെ വിവരം , Wet Land ആയ സൈറ്റ് ഇത്തരത്തിൽ പരിവർത്തനം ചെയ്യുന്നതിനും കെട്ടിട നിർമ്മാണങ്ങൾക്കും അമ്യൂസ്മെന്റ് പാർക്ക് , ബോട്ടിംഗ് എന്നിവ നടത്തുന്നതിനും ഗ്രാമ പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/20-21/21.01.2022 ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പരിശോധിച്ച് കൃത്യമായ മറുപടിയല്ല ലഭ്യമാക്കിയതെന്ന് കാണുന്നു. വിശദ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവനപദ്ധതി പ്രകാരം 2018-19 വർഷത്തിൽ ഭവന നിർമ്മാണത്തിന് അനുമതി നൽകിയ താഴെ പറയുന്ന ഭവനങ്ങൾ നാളിതു വരെയും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സാജിറ മരപ്പാലം,തട്ടിയേക്കൽ,പൂക്കോട്ടുംപാടം( പി ഒ) | 3,60,000 | |
| 2 | സുനീറ W/O അക്ബറലി ,മുള്ളൻ, ഉപ്പുവള്ളി | 3,60,000 | |
| 3 | അന്നമ്മ പത്രോസ്,വടക്കേരികുന്ന്, നരിപൊയിൽ,അഞ്ചാംമൈൽ | 2,60,000 | |
| 4 | വനജ തുമ്പാംകുഴിയിൽ, ടി കെ കോളനി | 3,60,000 | |
| 5 | ആമിന W/Oഹസ്സൻകുട്ടി ,കോക്കുത്ത്, തോട്ടേക്കാട്,അമരമ്പലം പി ഒ | 3,60,000 | |
| 6 | സരോജിനി ,മൊരടൻ,കവളമുക്കട്ട,പുഞ്ച | 3,60,000 | (പട്ടിക ജാതി ) |

വിവിധ ഗഡുക്കൾ കൈപ്പറ്റിയ ശേഷം നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമല്ല. തുടർനടപടി വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/21.01.2020)

## 1-21 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

2020-21 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I)പ്രോജക്ട് നം. 112/21

മൺചട്ടിയിൽ പച്ചക്കറി കൃഷി പദ്ധതി

വിനിയോഗിച്ച തുക – 8,23,500 രൂപ (പ്ലാൻ -ജനറൽ)

ബിൽ നം. 7/2020-21/28.09.2020– 1,26,000 രൂപ

ബിൽ നം. 11/2020-21/11.01.2021– 1,14,000 രൂപ

ബിൽ നം. 15/2020-21/16.02.21– 1,38,000 രൂപ

ബിൽ നം. 18/2020-21/04.03.2021– 1,72,500 രൂപ

ബിൽ നം. 20/2020-21/19.03.2021– 1,23,000 രൂപ

ബിൽ നം. 21/2020-21/19.03.2021– 1,50,000 രൂപ

പദ്ധതി പ്രകാരം 517 യൂനിറ്റ് മൺചട്ടികൾ വിവിധ ഗുണഭോക്താക്കൾക്ക് നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.(ഒരു യൂനിറ്റ് എന്നത് 13 മൺചട്ടികൾ അടങ്ങുന്നതാണ്)പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). എല്ലാഗുണഭോക്താക്കൾക്കും ഒരു യൂനിറ്റാണ് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ സ .ഉ (കൈ)നം. 22/2018/ തസ്വഭവ തീ. 14.02.2018 പ്രകാരം കൃഷിചെയുന്ന ഏരിയയുടെ അനുപാതത്തിലാണ് ആനുകൂല്യം നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കൃഷി ഓഫീസർ ഗുണഭോക്താക്കളുടെ കൃഷി ഭൂമി പരിശോധിച്ച് കൃഷിചെയ്തുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2)പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിനെ ഒറ്റയൂനിറ്റായി പരിഗണിച്ചു കൊണ്ട് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തുവാൻ നിർദ്ദേശമുള്ളതാണെങ്കിലും(സ.ഉ (കൈ)നം. 11/2018/തസ്വഭവ തീ. 29.01.2018) വിവിധ വാർഡുകൾ തിരിച്ച് കൃത്യമായ അനുപാതത്തിൽ ആനുകൂല്യം നൽകുകയാണ് ചെയ്തിട്ടുള്ളത്.

**ii)പ്രോജക്റ്റ് നം. 67/21**

കിഴങ്ങ് വിളകിറ്റ് വിതരണം

വിനിയോഗിച്ച തുക – 3,00,000 രൂപ (പ്ലാൻ -ജനറൽ)

ബിൽ നം. 13/2020-21/16.02.2021

പദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്നും 500 എണ്ണം കിഴങ്ങ് വിളകിറ്റ് വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഏതെല്ലാം കിഴങ്ങുവിളകൾ, എത്ര അളവിൽ കൃഷിചെയ്തുവെന്ന് വ്യക്തമല്ല. കൃഷി ചെയ്ത ഏരിയ അപേക്ഷയിൽ വ്യക്തമല്ല. കൃഷി ഓഫീസർ ഗുണഭോക്താക്കളുടെ കൃഷി ഭൂമി പരിശോധിച്ച് കൃഷിചെയ്തുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2)പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

**iii) പ്രോജക്റ്റ് നം. 65/21**

പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി

വിനിയോഗിച്ച തുക – 2,12,500രൂപ (പ്ലാൻ ഫണ്ട്)

ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) - 4,25,000 രൂപ

ബിൽ നം. 9/20-21/ 11.01.21 – 2,12,500 രൂപ

കുറഞ്ഞത് പത്ത് സെന്റ് എങ്കിലും ഭൂമിയുള്ളകൃഷി ചെയ്യുവാൻ താൽപ്പര്യമുള്ളവർക്ക് പച്ചകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഏതിനം പച്ചക്കറികൾ എത്ര അളവിൽ കൃഷി ചെയ്തുവെന്ന് വ്യക്തമല്ല. കൃഷി ഓഫീസർ ഗുണഭോക്താക്കളുടെ കൃഷി ഭൂമി സന്ദർശിച്ച് കൃഷിചെയ്തുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

2)പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകതകൾ രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയിട്ടും മറുപടി ലഭ്യമാക്കിയില്ല. അപാകകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-22 നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്റ്റുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം

അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാർ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്യാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 2/12-2-22 നംപർ ഓഡിറ്റ് എൻക്വയറിക്ക്, അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്നും ഭാവിയിൽ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

**1-23 പൊതുമരാമത്ത് പ്രവൃത്തിയിലെ അധിക ചെലവ് -7035 രൂപ തിരിച്ചടച്ചു.**

2020-21 വർഷത്തെ ഓഡിറ്റിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ പറയും പ്രകാരം 7035 രൂപ അടവാക്കുകയുണ്ടായി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | അപാകത | തിരിച്ചടച്ച തുക | രശീതി നംപർ/ തീയതി |
|---|---|---|---|---|
| 1 | **വിവിധ PHC യിലേയും സബ്സെന്ററുകളിലേയും അറ്റകുറ്റപ്പണികൾ (320/21)**<br>**അടങ്കൽ: 1467000 (CFC ഗ്രാന്റ് )**<br>കരാറുകാരൻ: ശ്രീ ബിജു<br>കരാർ: AE/LSGD/87/19-20/11-2-19<br>അളവ് പുസ്തകം: 87/19-20,151/19-20, 153/19-20<br>ചെലവ്: 1201152രൂപ<br>(ബിൽ നംപർ: 88/20-21/19-8-20 RS 1187473)<br>(ബിൽ നംപർ: 89/20-21/19-8-20 RS 13679 )<br>കോസ്റ്റ് ഇൻഡക്സ്: 31.06% | മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ച സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിന് ബാധകമായ നിരക്ക് നൽകി.<br>(ഓഡിറ്റ് എൻക്വയറി നംപർ 11/21-1-22) | 7035രൂപ | 1210102483/24-1-22 |

ഇത്തരം അപാകതകൾ വരാതെ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 19.01.2022 മുതൽ 20.01.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (22/21) | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 104335 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകലും നെൽവിത്ത് വിതരണവും (64/21) | 104335 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 220000 | ലൈഫ് ഭവനപദ്ധതി SC – (329/21) | 220000 | 0 |
| ജില്ലാ പഞ്ചായത്ത് | 312637 | ലൈഫ് ഭവനപദ്ധതി ജനറൽ – (335/21) | 312637 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (22/21) | 600000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)68/2018/LSGD/ 18.05.18 | 3960000 | 29365884 | 2619883 | 0 | 30706001 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | 5000 | ലഭ്യമല്ല. |

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 1996-97 | 27,28 | കെ രാമചന്ദ്രൻ | എൽ എഫ് 27885/ സ്പെഷ്യൽ സെൽ / എസ് സി ഐ /99തി.18.10.01 | 2084 | അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 128956475 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 120650221 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 882449 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 882449 | ശ്രീമതി.ദിവ്യ.ജി.എൻ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | 882349 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1997-98 | കെ എസ് എ -എം പി എം 26/948/2018 തീയ്യതി 28.5.18 | 7 | |
| 1998-99 | കെ എസ് എ -എം പി എം26/948/2018 തീയ്യതി 28.5.18 | 2 | |
| 1999-00 | കെ എസ് എ -എം പി എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2000-01 | കെ എസ് എ -എം പി എം എം26/948/2018 തീയ്യതി 28.5.18 | 2 | |
| 2003-04 | കെ എസ് എ -എം പി എം 26/948/2018 തീയ്യതി 28.5.18 | 2 | |
| 2004-05 | കെ എസ് എ -എം പി എം 26/1782/2019 തീയ്യതി 14.10.2019 | 7 | |
| 2005-06 | കെ എസ് എ -എം പി എം 26/1782/2019 തീയ്യതി 14.10.2019 | 9 | |
| 2006-07 | കെ എസ് എ -എം പി എം 26/1782/2019 തീയ്യതി 14.10.2019 | 9 | |
| 2007-08 | കെ എസ് എ -എം പി എം 26/1782/2019 തീയ്യതി 14.10.2019 | 20 | |
| 2008-09 | കെ എസ് എ -എം പി എം 26/1782/2019 തീയ്യതി 14.10.2019 | 7 | |
| 2009-10 | കെ എസ് എ -എം പി എം 26/1782/2019 തീയ്യതി 14.10.2019 | 10 | |
| 2010-11 | കെ എസ് എ -എം പി എം 26/1782/2019 തീയ്യതി 14.10.2019 | 5 | |
| 2011-12 2012-13 | കെ എസ് എ -എം പി എം 26/2895(2)/2019 തീയ്യതി 23.09.2020 | 18 | |
| 2013-14 2014-15 | കെ എസ് എ -എം പി എം 26/2895(1)/2019 തീയ്യതി 23.09.2020 | 18 | |
| 2015-16 | കെ എസ് എ -എം പി എം 26/2895(3)/2019 തീയ്യതി 14.09.2020 | 8 | |
| 2016-17 | കെ എസ് എ -എം പി എം 26/2895(4)/2019 തീയ്യതി 23.09.2019 | 11 | |
| 2017-18 | കെ.എസ്.എ. എം.പി.എം 26/18/19 തിയ്യതി 03.08.19 | 17 | |
| 2018-19 | കെ.എസ്.എ. എം.പി.എം 26/1056/20 തിയ്യതി 07.09.20 | 18 | |

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്